**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 767** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനും, അണ്ടത്തോട് സബ് രജിസ്ട്രാർ ഓഫീസിനെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചാവക്കാട് സബ് രജിസ്ട്രാർ ഓഫീസ് നവീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കാലപ്പഴക്കംമൂലം ഉപയോഗശൂന്യമായ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കിഫ്ബി പദ്ധതി മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നൂറ് കോടി രൂപ വകയിരുത്തുകയും ആയതിൻപ്രകാരം 51 കെട്ടിടങ്ങളുടെ നിർമ്മാണപദ്ധതിയ്ക്കും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയ്ക്കും ഭരണാനുമതി നൽകിയിട്ടുമുണ്ട്. ഇതിൽ നാളിതുവരെ 32 കെട്ടിടങ്ങളുടെ പ്രവർത്തനോദ്ഘാടനം നടത്തുകയും, ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ